**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പിണറായി ഗ്രാമ പഞ്ചായത്തിലെ കൺവെൻഷൻ സെന്ററിന്റെ മൂന്നാംഘട്ട നിർമ്മാണം - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.219/19/തസ്വഭവ                    തിരുവനന്തപുരം, തീയതി,01.02.2019

---

പരാമർശം :- 1) 15/05/2013 ലെ സ ഉ(സാധാ.)1290/2013/തസ്വഭവ നമ്പർ ഉത്തരവ്.

2) 24/10/2017 ലെ സ ഉ (സാധാ.)3386/2017/തസ്വഭവ നമ്പർ ഉത്തരവ്

3) 25/07/2017 ലെ സ ഉ (പി).95/2017/ധന നമ്പർ ഉത്തരവ് .

4) 07/08/2017 ലെ സ ഉ (പി).102/2017/ധന നമ്പർ ഉത്തരവ് .

5) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.01.2019 ലെ ഡിബി5/2689/17/സിഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

പിണറായി ഗ്രാമ പഞ്ചായത്തിലെ കൺവെൻഷൻ സെന്ററിന്റെ ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവൃത്തികൾ യഥാക്രമം പരാമർശം (1), (2) പ്രകാരം പുറപ്പെടുവിച്ചിരുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും ഇതിന്റെ മൂന്നാം ഘട്ട പ്രവൃത്തിയ്ക്കായി 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "4515-00-800-94-PV" എന്ന ശീർഷകത്തിൽ 6.00 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. ടി ശീർഷകത്തിന്റെ കൺട്രോളിംഗ് ഓഫീസറായി പഞ്ചായത്ത് ഡയറക്ടറെ നിയമിക്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിയും ഇലക്ട്രിക്കൽ പ്രവൃത്തിയും ഭരണാനുമതി നല്കുന്നതിനായി 4.76 കോടി രൂപയുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിണറായി ഗ്രാമ പഞ്ചായത്തിലെ കൺവെൻഷൻ സെന്ററിന്റെ മൂന്നാം ഘട്ട പ്രവൃത്തിയ്ക്കായി 4.76 കോടി രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും ഈ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.ഇത് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകളും നിബന്ധനകളും പാലിക്കേണ്ടതും, ഇത് സംബന്ധിച്ച ചെലവ് "4515-00-800-94-PV" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡണ്ട് , പിണറായി ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി2/288/2018/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ